(ബി) ഇവിടെ റീ സർവ്വേ നടത്തുന്നതുകൊണ്ട് വ്യാജ പട്ടയങ്ങൾ കണ്ടു പിടിക്കുവാൻ കഴിയുമോ?

ഉത്തരം

(എ) ഇടുക്കി ജില്ലയിലെ എല്ലാ വില്ലേജുകളിലും റീ സർവ്വേ നടത്താൻ ഉദ്ദേശിക്കുന്നു.

(ബി) റീ സർവ്വേ നടപടികൾ പൂർത്തിയാക്കുന്നതുവഴി വ്യാജ പട്ടയങ്ങൾ കണ്ടുപിടിക്കുവാൻ കഴിയുന്നതാണ്.

മൂന്നാറിൽ ടാറ്റാ ടീ-യുടെ കൈവശമുള്ള ഭൂമി

11 [2153] ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാറിൽ ടാറ്റാ ടീ-യുടെ കൈവശം എത്ര ഭൂമി ഉണ്ടെന്ന് അറിയാൻ 1996-ലെ ഉത്തരവുപ്രകാരം നടന്ന പ്രത്യേക സർവ്വേ ജോലികൾക്ക് സർക്കാർ എത്ര രൂപ ചെലവാക്കി; ഇനം തിരിച്ച് തുക വ്യക്തമാക്കുമോ;

(ബി) ഈ തുക സർക്കാർ ഖജനാവിൽ നിന്നാണോ ചെലവാക്കിയത്;

(സി) ഈ സർവ്വേയ്ക്കുവേണ്ടി ടാറ്റാ ടീ എത്ര രൂപ ഖജനാവിലടച്ചിട്ടുണ്ട്;

(ഡി) ആരൊക്കെ ഉൾപ്പെട്ട ടീമാണ് സർവ്വേ നടത്തിയത്; വിശദമാക്കാമോ;

(ഇ) ഈ സർവ്വേയുടെ അടിസ്ഥാനത്തിൽ സർക്കാരിന്റെ എത്ര ഏക്കർ ഭൂമി ടാറ്റായുടെ കയ്യിലുണ്ടെന്ന് അറിയുവാൻ കഴിഞ്ഞു; വിശദമാക്കുമോ;

(എഫ്) ടാറ്റാ ടീ-യുടെ കയ്യിൽ സർക്കാർ ഭൂമി ഉണ്ടെങ്കിൽ അത് തിരിച്ചു പിടിക്കാൻ എന്ത് നടപടി സ്വീകരിച്ചു;

(ജി) മൂന്നാർ മേഖലയിൽ ടാറ്റായുടെ കയ്യിൽ എത്ര ഏക്കർ ഭൂമിയുണ്ട്?

ഉത്തരം

(എ) അളവ്ബത്ത, ഡീമാർക്കേഷൻ ചാർജ്, ചെയിൻമാൻ കൂലി, വാഹന വാടക എന്നീ ഇനങ്ങളിലായി 48,14,030 രൂപ ചെലവായിട്ടുണ്ട്. ആവശ്യമായ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനായി 8,16,701 രൂപയും ചെലവായി.

(ബി) അതെ.

LIBRARY ARCHIVES Kerala Legislative Assembly

(സി) തുകയൊന്നും അടച്ചിട്ടില്ല.

(ഡി) സർവ്വേ അസിസ്റ്റന്റ് ഡയറക്ടറുടേയും സർവ്വേ സൂപ്രണ്ടിന്റേയും നേതൃത്വത്തിലുള്ള ടീം.

(ഇ) ടി സർവ്വേയിൽ 49.80 ഹെക്ടർ സർക്കാർ ഭൂമി ടാറ്റായുടെ കൈവശ മുണ്ടെന്ന് അറിയാൻ കഴിഞ്ഞിട്ടുണ്ട്.

(എഫ്) റീ സർവ്വേയുടെ അടിസ്ഥാനത്തിൽ റിക്കാർഡുകൾ ഫൈനലൈസ് ചെയ്ത ശേഷം റവന്യൂ ഡിപ്പാർട്ട്മെന്റ് ഇത് ഏറ്റെടുക്കുന്നതിന് അടിയന്തിര നടപടി കൾ സ്വീകരിക്കുന്നതാണ്.

(ജി) ടാറ്റാ ടീ കമ്പനിക്ക് കെ.ഡി.എച്ച്. വില്ലേജിൽ ടോട്ടൽ സ്റ്റേഷൻ സർവ്വേ പ്രകാരം 23562.9218 ഹെക്ടർ സ്ഥലം ഉണ്ട്.

ഓവർസീയർമാരുടെ സ്ഥലംമാറ്റം

12 [2154] ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന റീസർവ്വേ ഡിപ്പാർട്ട്മെന്റിൽ, അടുത്ത സമയം എത്ര പേരെയാണ് ഫസ്റ്റ് ഗ്രേഡ് ഓവർസീയർമാരായി പ്രൊമോട്ട് ചെയ്തത് എന്ന് വ്യക്ത മാക്കാമോ;

(ബി) പ്രൊമോഷൻ ലഭിച്ചവരെ ഏതൊക്കെ ജില്ലകളിലാണ് നിയമി ച്ചിട്ടുള്ളത്;

(സി) സെക്കന്റ് ഗ്രേഡ് ഓവർസീയർമാരായി മുമ്പ് ജോലി ചെയ്തിരുന്ന സ്ഥലത്തേക്കുതന്നെ ഇതിൽ എത്ര പേർക്കാണ് സ്ഥലംമാറ്റം നൽകിയത്;

(ഡി) ഈ സ്ഥലമാറ്റത്തിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയായിരുന്നു;

(ഇ) ക്രമരഹിതമായി നടത്തിയ ഈ സ്ഥലംമാറ്റം സംബന്ധിച്ച് അന്വേഷി ക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ, ബി, സി, ഡി ആന്റ് ഇ) സർവ്വെയും ഭൂരേഖയും വകുപ്പിൽ ഫസ്റ്റ് ഗ്രേഡ് ഓവർസിയർ എന്ന തസ്തിക നിലവിലില്ല.

LIBRARY ARCHIVES Kerala Legislative Assembly